(ഇ) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പതാതി ലഭിച്ചിട്ടുണ്ട്.

(ബി) കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാർജ്ജ്ഷീറ്റ് നൽകിയിട്ടില്ല.

(സി) കുഞ്ഞന്റെ പരാതി പ്രകാരം പാറക്കാടൻ മൊയ്തീൻ കുട്ടിഹാജി, പാറക്കാടൻ അയമുട്ടി എന്നിവരാണ് പ്രതികൾ. പരാതി അന്വേഷണത്തിൽ സത്യവിരുദ്ധമാണെന്ന് കണ്ടതിനാൽ ഇവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി)&(ഇ) ഈ കേസ്സ് റഫർ ചെയ്തിട്ടുണ്ട്. 27.2.99-ന് നാട്ടുകാരുടെ ശ്രമദാനമായി റോഡ് നിർമ്മാണം നടക്കുമ്പോൾ ഹരിജനങ്ങളെ മമദീസ ഹാജി എന്നയാൾ ജാതിപ്പേര് വിളിച്ച് അപമാനിച്ചതിന് മഞ്ചേരി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന് കൗണ്ടറായി സംഭവസ്ഥലത്തില്ലായിരുന്ന പുൽപ്പറ്റ പഞ്ചായത്ത് പ്രസിഡന്റിനേയും അനുജനേയും കേസ്സിൽപ്പെടുത്താൻ വേണ്ടിയാണ് കുഞ്ഞൻ പരാതി നൽകിയതെന്ന് വ്യക്തമായതിനാൽ കേസ്സ് ഫാൾസ് ആയി 4.5.99-ൽ റഫർ ചെയ്തിട്ടുണ്ട്.

43 (1403) വീടുകയറി ആക്രമിച്ച സംഭവം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ല (റൂറൽ) യിൽ മുനമ്പം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 10.3.99-ന് പള്ളിപ്പുറം പഞ്ചായത്തിൽ 10-ാം വാർഡിൽ സ്രാബിക്കൽ അപ്പുക്കുട്ടൻ, ഭാര്യ ഗീത എന്നിവരെ വീടുകയറി ആക്രമിച്ച കേസ്സിലെ പ്രതികൾക്കെതിരെ എന്തു നടപടിയാണ് പോലീസ് എടുത്തത്; കേസ്സിന്റെ പുരോഗതി ഏതു ഘട്ടത്തിലാണ്;

(ബി) ഈ കേസ്സിലെ ഒരു പ്രതിയായ കെ.എസ്.ആർ.ടി.സി. ജീവനക്കാർ നടത്തിയ കുറ്റകൃത്യത്തെ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. അധികൃതരെ ധരിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുകയും, 31.3.99-ന് പ്രതികളുടെ പേരിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേസ്സ് വിചാരണയിലിരിക്കുകയാണ്.

(ബി) ഉണ്ട്.

44 (1404) ബേപ്പൂരിലെ അക്രമസംഭവങ്ങൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഏപ്രിൽ മാസത്തിൽ ബേപ്പൂരിൽ ആർ.എസ്.എസ്. പ്രവർത്തകനായ മനോജ്, സി.പി.എം. പ്രവർത്തകൻ സുജീഷ് എന്നിവർ കൊലചെയ്യപ്പെട്ടുവോ;

(ബി) ഈ കൊലപാതകം സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly